**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **30-06-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമവികസന പദ്ധതി നിർവ്വഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി കോളനികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവ്വഹണത്തിന് നിശ്ചയിച്ചിരിക്കുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | 18.03.2017 തീയതിയിലെ സ.ഉ. (കൈ) നം.15/2017/പജപവവിവ പ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവഹണ ഏജൻസിയായി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപെടുത്തിയിരുന്നത്. നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം ബന്ധപെട്ട എം എൽ എ മാർ നിർദ്ദേശിക്കുന്ന സർക്കാർ ഏജൻസികൾക്കും നിർവഹണ ചുമതല നൽകുവാൻ വ്യവസ്ഥയുണ്ടായിരുന്നു . 03.12.2021 ൽ പുറപ്പെടുവിച്ച പരിഷ്കരിച്ച (സ.ഉ. (കൈ) നം.54/2021/പജപവവിവ ) ഉത്തരവ് പ്രകാരം, നിർമ്മിതി കേന്ദ്രങ്ങൾക്കു പുറമെ അംഗീകൃത സർക്കാർ ഏജൻസികളെയും പദ്ധതി നിർവഹണത്തിനായി ചുമതല പ്പെടുത്താവുന്നതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി **അംഗീകൃത സർക്കാരിതര ഏജൻസി** ആണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ എന്നു വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ? | (ബി) | 18.03.2017 തീയതിയിലെ സ.ഉ. (കൈ) നം.15/2017/പജപവവിവ പ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവഹണ ഏജൻസിയായി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപെടുത്തിയിരുന്നത്. നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം ബന്ധപെട്ട എം എൽ എ മാർ നിർദ്ദേശിക്കുന്ന സർക്കാർ ഏജൻസികൾക്കും നിർവഹണ ചുമതല നൽകുവാൻ വ്യവസ്ഥയുണ്ടായിരുന്നു . 03.12.2021 ൽ പുറപ്പെടുവിച്ച പരിഷ്കരിച്ച (സ.ഉ. (കൈ) നം.54/2021/പജപവവിവ ) ഉത്തരവ് പ്രകാരം, നിർമ്മിതി കേന്ദ്രങ്ങൾക്കു പുറമെ അംഗീകൃത സർക്കാർ ഏജൻസികളെയും പദ്ധതി നിർവഹണത്തിനായി ചുമതല പ്പെടുത്താവുന്നതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് |

| | | | |
|---|---|---|---|
| | | | സൊസൈറ്റി **അംഗീകൃത സർക്കാരിതര ഏജൻസി** ആണ്. |

സെക്ഷൻ ഓഫീസർ